**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5425** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഹജ്ജ് തീർത്ഥാടനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് സംസ്ഥാന സർക്കാർ എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 2022-2023-ലെ ഹജ്ജ് ആരംഭിച്ചിട്ടില്ല. 2022വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് സംസ്ഥാന സർക്കാർ ഒരുക്കിയ സൗകര്യങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2022-23 വർഷത്തിൽ പാലക്കാട് ജില്ലയിൽ നിന്നും ഹജ്ജ് തീർത്ഥാടനത്തിന് എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | പാലക്കാട് ജില്ലയിൽ നിന്നും 2022 ഹജ്ജിന് 555 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## 2022 വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് സംസ്ഥാന സർക്കാർ ഒരുക്കിയ സൗകര്യങ്ങൾ

1) ഹജ് അപേക്ഷ ക്ഷണിക്കുന്നതോടെ, സംസ്ഥാന ഹജ് കമ്മിറ്റി ഹജ് അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം സംസ്ഥാനത്തുടനീളം ലഭ്യമാക്കുകയും , ആയതിന് കേരളത്തിലെ 14 ജില്ലകളിലായി 350 സന്നദ്ധ പ്രവർത്തകരായ ഹജ്ജ് ട്രെയ്നർമാരെ സജ്ജീകരിക്കുകയും അവരുടെ സേവനം ജില്ലാതലത്തിലും നിയമസഭാ മണ്ഡലാടിസ്ഥാനത്തിലും വിന്യസിക്കുകയും കേരളത്തിലെ എല്ലാ പ്രദേശങ്ങളിലുമുള്ള അപേക്ഷകർക്ക് സാങ്കേതിക സഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ട്രെയ്നർമാരുടെ വിശദമായ വിവരങ്ങൾ വാർത്താ മാധ്യമങ്ങൾ മുഖേനയും സോഷ്യൽ മീഡിയ മുഖേനയും പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2) ഹജ് അപേക്ഷ നടപടികൾ ഇപ്പോൾ പൂർണമായും ഓൺലൈൻ വഴിയാണ്. കരിപ്പൂർ ഹജ് കമ്മിറ്റി ഓഫീസ് കേന്ദ്രീകരിച്ചും കോഴിക്കോട് റീജിയണൽ ഓഫീസ് കേന്ദ്രീകരിച്ചും അതാത് സമയത്ത് പ്രത്യേക ഹെൽപ്പ് ഡെസ്കുകൾ മുഖേനയും ഹജ് കമ്മിറ്റി ട്രെയ്നർമാർ മുൻകയ്യെടുത്ത് പ്രവർത്തിക്കുന്ന ഹെൽപ്ഡെസ്ക് വഴിയും സൗജന്യമായി അപേക്ഷ സമർപ്പിക്കുവാനുള്ള സൗകര്യവും ഒരുക്കിയിരുന്നു.

3) ഓൺലൈൻ ഹജ് അപേക്ഷ സമർപ്പണം സുഗമമാക്കുന്നതിന്, ഹജ് ട്രെയ്നർമാർക്കും അക്ഷയ, CSC സംരംഭകർക്കും ഓൺലൈൻ ഹജ് അപേക്ഷ സംബന്ധമായ ട്രെയിനിങ് ഹജ് കമ്മിറ്റി സംഘടിപ്പിച്ചിരുന്നു.

4) ഓൺലൈൻ അപേക്ഷ സമർപ്പണ സമയം അവസാനിച്ച മുറയ്ക്ക്, ഓൺലൈൻ വഴി ലഭിച്ച ഓരോ അപേക്ഷയും അവരുടെ രേഖകൾ വെച്ച് പരിശോധിക്കുകയും ആവശ്യമായ തിരുത്തലുകൾ വരുത്തുകയും രേഖകൾ അപ് ലോഡ് ചെയ്യിപ്പിച്ച് അപേക്ഷാ ഫോം സൂക്ഷ്മമായി പരിശോധന നടത്തി ബോംബെ ഓഫീസിലേക്ക് തുടർ നടപടിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

5) സൂക്ഷ്മപരിശോധന പൂർത്തിയാക്കിയ കുറ്റമറ്റ അപേക്ഷകളിൽ നിന്ന് നറുക്കെടുപ്പിലൂടെ ഓരോ വർഷത്തെയും തീർത്ഥാടകരെ തിരഞ്ഞെടുക്കുകയും ശേഷിക്കുന്ന അപേക്ഷകരിൽ നിന്ന് വീണ്ടും നറുക്കെടുത്ത് വെയ്റ്റിംഗ് ലിസ്റ്റ് പ്രസിദ്ധീകരിച്ച്, തിരഞ്ഞെടുത്ത തീർത്ഥാടകരുടെയും വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ട തീർത്ഥാടകരുടെയും വിവരങ്ങൾ വാർത്താമാധ്യമങ്ങൾ, സോഷ്യൽ മീഡിയ, വ്യക്തികത മെസ്സേജ്(sms) എന്നിവ വഴി അറിയിക്കുകയും ചെയ്തിട്ടുണ്ട്.

6) അതാത് വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട തീർത്ഥാടകരിൽ നിന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി നിർദ്ദേശിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഗഡു തുകയും പാസ്പോർട്ട്, മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള യാത്ര രേഖകൾ സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന്, കരിപ്പൂർ ഹജ് കമ്മിറ്റി ഓഫീസിന് പുറമേ കണ്ണൂർ കളക്ടറേറ്റ്, എറണാകുളം വഖഫ്ബോർഡ് ഓഫീസ് എന്നിവിടങ്ങളിൽ ഹജ് കമ്മിറ്റി ഓഫീസ് ജീവനക്കാർ നിശ്ചിത ദിവസം ക്യാമ്പ് ചെയ്ത് രേഖകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

7) തിരഞ്ഞെടുക്കപ്പെട്ട തീർത്ഥാടകരിൽ നിന്ന് ലഭിച്ച പാസ്പോർട്ടുകൾ അവരുടെ രജിസ്ട്രേഷൻ നമ്പർ (കവർ നമ്പർ) അടിസ്ഥാനത്തിൽ ക്രമീകരിച്ച് മുംബൈയിലുള്ള കേന്ദ്ര ഹജ് കമ്മിറ്റി ഓഫീസിലേക്ക് എത്തിക്കുകയും സംസ്ഥാന ഹജ് കമ്മിറ്റി ഓഫീസ് ജീവനക്കാർ കേന്ദ്ര ഹജ് കമ്മിറ്റി ഓഫീസിലെത്തി ആയത് എണ്ണിത്തിട്ടപ്പെടുത്തി കേന്ദ്ര ഹജ് കമ്മിറ്റി ഓഫീസിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

8) തിരഞ്ഞെടുക്കപ്പെടുന്ന തീർത്ഥാടകർക്ക് 14 ജില്ലകളിലും 3 ഘട്ടങ്ങളിലായി ഓറിയന്റേഷൻ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

9) ഒന്നാംഘട്ടം : ഹജ്ജിന് തെരഞ്ഞെടുക്കപ്പെട്ടവർക്ക് നൽകുന്ന ആദ്യ പരിശീലന ക്ലാസ്സിൽ, ഹജ്ജ് കമ്മിറ്റി, കേന്ദ്ര ഹജ് കമ്മിറ്റി, കോൺസൽ ജനറൽ ജിദ്ധ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ മക്കയിലെയും മദീനയിലെയും ഒരുക്കങ്ങളെകുറിച്ചും, യാത്രക്ക് മുമ്പ് ഹാജിമാർ ശീലിക്കേണ്ടതും ഒഴിവാക്കേണ്ടതുമായ കാര്യങ്ങളെക്കുറിച്ചും ഒന്നാംഘട്ട തുക അടയ്ക്കൽ മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയവയെ കുറിച്ചും വിവരങ്ങൾ നൽകിയിട്ടുണ്ട്.

10) രണ്ടാംഘട്ടം : ഈ ഘട്ടത്തിൽ മണ്ഡലം/മേഖലാ അടിസ്ഥാനത്തിൽ 250-300 നും ഇടയിൽ ഹാജിമാരെ സംഘടിപ്പിച്ച് സൗകര്യപ്രദമായ ഓഡിറ്റോറിയത്തിൽ വെച്ച് പവർപോയിന്റ് പ്രസന്റേഷന്റെ സഹായത്താൽ, വീട്ടിൽ നിന്നും യാത്ര തിരിച്ച ഹജ് കർമ്മം പൂർത്തിയാക്കി

വീട്ടിൽ തിരിച്ചെത്തുന്നത് വരെയുള്ള എല്ലാകാര്യങ്ങളെക്കുറിച്ചും വിശദമായ സംശയ നിവാരണ ക്ലാസ്സ് നടത്തിയിട്ടുണ്ട്.

11) മൂന്നാംഘട്ടം: വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ നിർദേശപ്രകാരമുള്ള നിർബന്ധമായ മെനിഞ്ചൈറ്റിസ് വാക്സിനേഷൻ, പോളിയോ വാക്സിനേഷൻ എന്നിവ ആരോഗ്യവകുപ്പിന്റെ സഹായത്തോടെ നൽകുകയും, ഫ്ലൈറ്റ് ഷെഡ്യൂൾ, എയർപോർട്ടിൽ എത്തേണ്ട സമയം, യാത്രയുടെ ഒരുക്കങ്ങൾ, കരുതേണ്ട ഭക്ഷണ പദാർത്ഥങ്ങൾ, കയ്യിൽ കരുതാവുന്ന പണം, വിമാനത്തിൽ കൊണ്ടുപോകാൻ പാടില്ലാത്ത വസ്തുക്കൾ, ലഗേജ്, കരുതേണ്ട മരുന്ന്, വസ്ത്രം, യാത്ര പറയൽ തുടങ്ങിയവയെ സംബന്ധിച്ച നിർദ്ദേശങ്ങൾ തീർത്ഥാടകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

12) തിരഞ്ഞെടുക്കപ്പെടുന്ന 250 നും-300 നും ഇടയിൽ ഹാജിമാരെ മണ്ഡലം/മേഖലാ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് സംസ്ഥാനത്തുടനീളം 50 ൽ പരം ക്ലാസുകൾ ഓരോഘട്ടത്തിലും സംഘടിപ്പിച്ചിട്ടുണ്ട്. അപ്രകാരം മൂന്ന് ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ട്രെയിനിങ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യക ഫാക്കൽറ്റികളെ ഹജ് കമ്മിറ്റി ട്രെയിനിങ് നൽകി സജ്ജമാക്കുകയും, ഏകീകൃത രൂപത്തിലുള്ള ക്ലാസ് എല്ലാവർക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഹജ്ജ് ട്രെയിനർമാരുടെയും മറ്റു സന്നദ്ധ പ്രവർത്തകരുടെയും സഹകരണത്തോടെയാണ് ക്ലാസുകൾ ക്രമീകരിച്ചിട്ടുള്ളത്. മേൽ ട്രെയിനിങ്ങുകൾക്ക് ഹജ്കമ്മിറ്റി കോഓർഡിനേറ്റർ നേതൃത്വം നൽകിയിട്ടുണ്ട്. കൂടാതെ തിരഞ്ഞെടുക്കപ്പെടുന്ന ട്രെയ്നർമാരെ ബോംബെയിലെ ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയുടെ ഓഫീസിൽ വച്ച് രണ്ട് ദിവസം ട്രെയിനിങ്ങിന് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

മൂന്ന് ഘട്ട ട്രെയിനിംഗ് പൂർത്തിയാകുന്നതോടെ, തീർത്ഥാടകർക്ക് അന്താരാഷ്ട്ര യാത്രക്കാർ അറിഞ്ഞിരിക്കേണ്ടതും അതേപോലെ ഹജ്ജ്-ഉംറ സംബന്ധമായ അത്യാവശ്യ കാര്യങ്ങളെക്കുറിച്ചും, മക്കയിലേയും മദീനയിലേയും ഹറമുകളിലും താമസസ്ഥലങ്ങളിലുമൊക്കെ പ്രത്യേകമായി ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും അവബോധം ലഭ്യമാക്കിയിട്ടുണ്ട്. മേൽ ട്രെയിനിങ് സംഘടിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തിക ചെലവുകൾ സംസ്ഥാന ഹജ്ജ് കമ്മിറ്റിയാണ് വഹിക്കുന്നത്.

13) ഹജ്ജ് വളണ്ടിയർമാരെ തെരെഞ്ഞടുക്കൽ (ഖാദിമുൽ ഹുജ്ജാജ്):

ഹാജിമാരെ ഹജ് ക്യാമ്പിൽ നിന്നും അനുഗമിച്ച്, ഹജ് കർമ്മം പൂർത്തിയാക്കി വീട്ടിൽ തിരിച്ചെത്തുന്നത് വരെ ആവശ്യമായ സഹായം ചെയ്യുന്നതിന് വേണ്ടി നിശ്ചിത യോഗ്യതയുള്ള സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഹജ്ജ് വളണ്ടിയർമാരായി തെരെഞ്ഞെടുത്തിരുന്നു.

14) വാക്സിനേഷൻ :

വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ നിർദേശപ്രകാരമുള്ള നിർബന്ധമായ മെനിഞ്ചൈറ്റിസ് വാക്സിനേഷൻ, പോളിയോ വാക്സിനേഷൻ എന്നിവ ആരോഗ്യവകുപ്പിന്റെ സഹായത്തോടെ യാത്രയ്ക്ക് മുമ്പായി മുഴുവൻ യാത്രക്കാർക്കും അതാത് ജില്ലാ ആശുപത്രികൾ മുഖേന ലഭ്യമാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഈ വർഷം കോവിഡ്-19 പ്രതിരോധ കുത്തിവെപ്പ്, RTPCR ടെസ്റ്റ് എന്നിവകൂടി ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തിയിരുന്നു.

15) ഹജ്ജ് ക്യമ്പ്:

2022-ൽ കേരളം, തമിഴ്നാട്, പോണ്ടിച്ചേരി, ആന്റമാൻ നിക്കോബാർ, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ നിന്നുള്ള ഹാജിമാരും കേരളത്തിലെ എമ്പാർക്കേഷൻ പോയിന്റ് വഴിയാണ് യാത്ര പുറപ്പെട്ടത്. കോവിഡ് സാഹചര്യത്തിൽ ഇത്തവണ യാത്രാ നടപടികൾ പൂർത്തിയാക്കുന്നതിന് ഹാജിമാർ 72 മണിക്കൂറിനുള്ളിൽ കോവിഡ് ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തി, ആയതിന്റെ റിസൽട്ട് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുകയും ചെയ്തു. തുടർന്നാണ് യാത്രയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയത്. RTPCR ടെസ്റ്റിന് കേന്ദ്ര ഹജ്ജ് കമ്മിറ്റി പ്രത്യേകം ഏജൻസിയെ നിയോഗിക്കുകയാണ് ചെയ്തത്.

യാത്രാ നടപടികൾ പൂർത്തീകരിച്ച തീർത്ഥാടകരെ രണ്ട് ദിവസം മുമ്പ് ഹജ് ക്യാമ്പിൽ താമസിപ്പിച്ച് അവസാന ഘട്ട നിർദേശങ്ങൾ നൽകി, യാത്രക്ക് മുമ്പുള്ള എല്ലാ തയ്യാറെടുപ്പുകളും ഉറപ്പാക്കി, ഹാജിമാരെ അനുഗമിക്കുന്ന ഹജ് വളണ്ടീയർമാരുടെ നേതൃത്വത്തിൽ പ്രത്യേക വാഹനത്തിൽ എയർപോർട്ടിലേക്ക് എത്തിച്ച് എമിഗ്രേഷൻ ഉൾപ്പടെയുള്ള എയർപോർട്ടിലെ നടപടികൾ പൂർത്തീകരിച്ച് വിമാനത്തിലേക്ക് എത്തിക്കുകയും ചെയ്തിട്ടുണ്ട്.

16) ഹജ്ജ് സെൽ :

ഹജ് യാത്രക്കായി, ഹജ് ക്യാമ്പിൽ റിപ്പോർട്ട് ചെയ്ത ഹജ് തീർത്ഥാടകർക്ക് യാത്രാ രേഖകളും, പ്രത്യേക തിരിച്ചറിയൽ കാർഡുകളും, യാത്രയിൽ ചിലവാക്കുന്നതിനുള്ള സൗദിറിയാൽ ഉൾപ്പടെയുള്ള പ്രധാന രേഖകളും ക്യാമ്പിൽ വെച്ച് ഹജ് സെൽ ജീവനക്കാർ ഹാജിമാർക്ക് കൈമാറുകയും, ഹജ് തീർത്ഥാടകർക്ക് യാത്രയുടെ അവസാന ഘട്ട നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ സംസ്ഥാന സർക്കാർ വകുപ്പുകളിൽ നിന്നും ഹജ് ക്യാമ്പ് കാലയളവിലേക്ക് മാത്രമായി വർക്കിംഗ് അറേഞ്ച്മെൻറ് മുഖേന ഹജ് സെൽ അംഗങ്ങളെ നിയോഗിച്ചിട്ടുണ്ട്.

ഹജ് യാത്ര അവസാനിച്ച് തിരിച്ച് വരുന്ന തീർത്ഥാടകരെ എയർപോർട്ടിൽ സഹായിക്കുന്നതിനും പ്രത്യേക ഹജ് സെൽ അംഗങ്ങളെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. തിരിച്ച് വരുന്ന ഹാജിമാർക്ക് എയർപോർട്ടിൽ നിന്നും ലഗേജ്, സംസം ഉൾപ്പടെയുള്ളവ ക്രമീകരിച്ച് ഓരോ തീർത്ഥാടകനെയും എയർപോർട്ടിന്റെ പുറത്തെത്തിച്ച് ബന്ധുക്കളോടൊപ്പം യാത്രയാക്കുന്നതുവരെയുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

## 2022 ഹജ്ജ് ക്യാമ്പ്

കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ 2022 ലെ ഹജ്ജ് ക്യാമ്പിന്റെ ഉത്ഘാടനം ജൂൺ 4 ന് കൊച്ചിൻ എയർപോർട്ടിൽ ആദ്യ വിമാനത്തിൻറെ ഫ്ളാഗ് ഓഫ് കർമ്മം ബഹു. മത്സ്യ ബന്ധനം,ഹജ്ജ്, വഖഫ്, കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ നിർവ്വഹിച്ചു.

നെടുമ്പാശ്ശേരി സിയാൽ അക്കാദമിയിൽ 2022 ജൂൺ 2 മുതൽ ജൂൺ 16 വരെയാണ് ഹജ്ജ് ക്യാമ്പ് സംഘടിപ്പിച്ചത്. 04/06/2022 മുതൽ 16/06/2022 വരെ 21 ചാർട്ടർ ഫ്ലൈറ്റുകളിലായാണ് ഹജ്ജ് ക്യാമ്പിൽ നിന്ന് ഹാജിമാർ യാത്ര തിരിച്ചത്. കേരളം കൂടാതെ തമിഴ്നാട്, ലക്ഷദ്വീപ്, ആൻറമാൻ നിക്കോബാർ, പോണ്ടിച്ചേരി തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ളവരും കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന കൊച്ചിൻ എമ്പാർക്കേഷൻ വഴി മദീനയിലേക്ക് യാത്രയായി. ഒരോ സംസ്ഥാനങ്ങളിൽ നിന്നും യാത്രയായ ഹാജിമാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| SR. NO. | STATE | GENRAL | GQ | Khadim | Male | Female | TOTAL |
|---|---|---|---|---|---|---|---|
| **1** | **KERALA** | **5663** | **65** | **38** | **2062** | **3704** | **5766** |
| 2 | TAMIL NADU | 1659 | 2 | 11 | 860 | 812 | **1672** |
| 3 | ANDAMAN & NICOBAR | 102 | 0 | 1 | 54 | 49 | **103** |
| 4 | LAKSHADWEEP | 142 | 0 | 1 | 76 | 67 | **143** |
| 5 | PUDUCHERRY | 43 | 0 | 0 | 18 | 25 | **43** |
| | ***GRAND TOTAL*** | (Other States 1961+ Kerala 5766) | | | | | **7727** |

2022-ൽ 65 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മാത്രമായിരുന്നു അപേക്ഷ സമർപ്പിക്കുവാൻ അവസരമുണ്ടായിരുന്നത്. സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖാന്തിരം 10565 പേർ അപേക്ഷിക്കുകയും കേരളത്തിൽ നിന്ന് 5766 പേർക്ക് ഹജ്ജിനായി അവസരം ലഭിക്കുകയും ചെയ്തു. ഇതിൽ 38 ഖാദിമുൽ ഹുജ്ജാജുമാരും ഉൾപ്പെട്ടിരുന്നു.

**മടക്കയാത്ര:**

2022 ഹജ്ജിനായി കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖാന്തിരം പോയ ഹാജിമാർ 15/07/2022 മുതൽ 01/08/2022 വരെയുള്ള തിയ്യതികളിൽ 21 വിമാനങ്ങളിലായി നെടുമ്പാശ്ശേരി വഴി തന്നെ തിരിച്ചെത്തുന്നതാണ്. ആദ്യ മടക്ക വിമാനം ജൂലായ് 15 ന് ജിദ്ദയിൽ നിന്നും സൗദി സമയം 3 മണിക്ക് പുറപ്പെട്ട് രാത്രി 10.45 ന് കൊച്ചിയിൽ എത്തിച്ചേരുന്നതാണ്.

**സെക്ഷൻ ഓഫീസർ**